ജയ്ഷ നിലമ്പൂർ അൽജാമിഅ ശാന്തപുരം

# മറ്റൊരാൾക്കു വേണ്ടിയുള്ള ഹജ്ജ്

عَنْ عَبْدِ اللهِ بن عَبَّاسٍ رضي الله عنه قَالَ: كَانَ الْفَضْلُ رَدِيفَ رَسُولِ اللهِ ﷺ فَجَائَتْهُ امْرَأَةٌ مِن خَثْعَمَ تَسْتَفْتِيهِ قَالَتْ يَا رَسُولَ اللهِ ، إِنَّ فَرِيضَةَ اللهِ عَلَى عِبَادِهِ فِي الْحَجِّ أَدْرَكَتْ أَبِي شَيْخًا كَبِيرًا لَايَسْتَطِيعُ أَنْ يَثْبُتَ عَلَى الرَّاحِلَةِ أَفَأَحُجُّ عَنْهُ؟ قَالَ: نَعَمْ . وَذَلِكَ فِي حَجَّةِ الْوَدَاعِ

അബ്ദുല്ലാഹിബ്നു അബ്ബാസിൽ നിന്ന്: (അബ്ബാസിന്റെ മകൻ) ഫദ്ൽ പ്രവാചകന്റെ വാഹനത്തിന്റെ പിന്നിലിരുന്ന് യാത്ര ചെയ്യുകയായിരുന്നു. അപ്പോൾ ഖസ്അം ഗോത്രത്തിലെ ഒരു സ്ത്രീ പ്രവാചകനോട് മതവിധി ചോദിച്ചുകൊണ്ട് അവിടെ വന്നു. അവൾ ചോദിച്ചു: "ദൈവദൂതരേ, അല്ലാഹു അടിമകൾക്ക് ഹജ്ജ് നിർബന്ധമാക്കിയ വിധി എന്റെ പിതാവിന് ബാധകമായപ്പോഴേക്ക് അദ്ദേഹം വാഹനത്തിൽ ഉറച്ചിരിക്കാൻ കഴിയാത്ത വയോവൃദ്ധനായിക്കഴിഞ്ഞിരുന്നു. അദ്ദേഹത്തിനായി (പകരം) എനിക്ക് ഹജ്ജ് ചെയ്യാമോ?" പ്രവാചകൻ പറഞ്ഞു: "അതെ ചെയ്യാം." ഈ സംഭവം പ്രവാചകന്റെ വിടവാങ്ങൽ ഹജ്ജിലായിരുന്നു (ബുഖാരി, മുസ്‌ലിം).

ഇസ്‌ലാമിലെ മൗലിക പ്രാധാന്യമുള്ള ഒരു ഇബാദത്താണ് പരിശുദ്ധ ഹജ്ജ് കർമം. ധനപരവും ശാരീരികവുമായ കഴിവ്, നിർഭയമായ യാത്രാ സൗകര്യം എന്നീ ഉപാധികൾ ഒത്തുചേർന്നാൽ ഒരു വിശ്വാസിക്ക് ഹജ്ജ് നിർബന്ധമാണ്. എന്നാൽ ഹജ്ജ് നിർബന്ധമാവുന്ന എല്ലാ ഉപാധികളും പൂർത്തിയാവുകയും അത് ഉദ്ദേശിക്കുകയും ചെയ്തിരിക്കെ ആ കൃത്യം നിർവഹിക്കുന്നതിന് മുമ്പായി ഒരാൾ മരിച്ചുപോവുകയോ അല്ലെങ്കിൽ രോഗമോ വാർധക്യമോ കാരണമായി ഹജ്ജ് നിർവഹിക്കാൻ സാധിക്കാതെ വരികയോ ചെയ്താൽ അയാൾക്കു വേണ്ടി മറ്റൊരാളെക്കൊണ്ട് ഹജ്ജ് ചെയ്യിക്കാം.

ജുഹൈനത്ത് കുടുംബത്തിൽ പെട്ട ഒരു സ്ത്രീ റസൂലിന്റെയടുത്ത് വന്നു ചോദിച്ചു: "എന്റെ മാതാവ് ഹജ്ജ് നേർച്ചയാക്കി. അവർ അത് നിർവഹിക്കുന്നതിന് മുമ്പ് മരണപ്പെട്ടുപോയി. അവർക്ക് പകരം ഞാൻ ഹജ്ജ് ചെയ്യണമോ?" നബി(സ) പറഞ്ഞു: "അതെ, അവർക്കു വേണ്ടി പകരം നീ ഹജ്ജ് ചെയ്യണം. നിന്റെ മാതാവിന് ഒരു കടമുണ്ടെന്ന് വിചാരിക്കുക. എന്നാൽ നീയത് വീട്ടേണ്ടതില്ലേ? അല്ലാഹുവിന്റെ കടം വീട്ടുവിൻ. അല്ലാഹുവിന്റെ കടമാണ് വീട്ടപ്പെടാൻ കൂടുതൽ അവകാശപ്പെട്ടത്" (ബുഖാരി).

ഈ നബിവചന പ്രകാരം, മരണപ്പെട്ടവർക്കു വേണ്ടി ഹജ്ജ് ചെയ്യേണ്ടത് പരേതന്റെ ധനം ഉപയോഗിച്ചാണ്. രോഗിക്കും വൃദ്ധനും വേണ്ടി ഹജ്ജ് ചെയ്യിക്കേണ്ടത് അവർ തന്നെയാകുന്നു. മറ്റൊരാൾക്കു വേണ്ടി ഹജ്ജ് ചെയ്യുന്നവൻ തന്റേതായ ഹജ്ജ് മുമ്പ് നിർവഹിച്ചവനായിരിക്കേണ്ടതുണ്ട്. നേരത്തെ ഹജ്ജ് ചെയ്യാത്തവൻ മറ്റൊരാൾക്ക് പകരമായി ഹജ്ജ് ചെയ്യാൻ പാടില്ലെന്ന് നബി(സ) വ്യക്തമാക്കിയിട്ടുണ്ട്.

ഇബ്നു അബ്ബാസിൽ നിന്ന് നിവേദനം. ഒരാൾ ശുബ്റമത്തിനു വേണ്ടി 'ലബ്ബൈക്ക' പറയുന്നതായി നബി(സ) കേൾക്കുകയുണ്ടായി. അപ്പോൾ റസൂൽ ചോദിച്ചു: "നിനക്കു വേണ്ടി നീ ഹജ്ജ് ചെയ്തിട്ടുണ്ടോ?" ഇല്ലെന്ന് അയാൾ മറുപടി പറഞ്ഞു. അപ്പോൾ നബി(സ) പറഞ്ഞു: "എന്നാൽ നിനക്ക് വേണ്ടി ആദ്യം ഹജ്ജ് ചെയ്യുക. പിന്നീടാവാം ശുബ്റമത്തിനു വേണ്ടിയുള്ള ഹജ്ജ്" (അബൂദാവൂദ്).

ഒരു വർഷം ഒരാൾക്കു വേണ്ടി മാത്രമേ ഹജ്ജ് നിർവഹിക്കാൻ പറ്റുകയുള്ളൂ. എന്നാൽ ഒരാൾ ഉംറ പിതാവിനും ഹജ്ജ് മാതാവിനും വേണ്ടി ചെയ്യുകയാണെങ്കിൽ അതിനു വിരോധമില്ല.

ഹജ്ജ് നിർബന്ധമായ ആൾ അത് ഉടനെ നിർവഹിക്കുകയാണ് വേണ്ടത്. അല്ലാഹു പറയുന്നു: "പരിശുദ്ധ ഭവനത്തിലേക്ക് യാത്ര ചെയ്യാൻ കഴിവുള്ളവൻ അവിടെ പോയി ഹജ്ജ് നിർവഹിക്കുക എന്നത് മനുഷ്യരുടെ മേൽ നിർബന്ധമായ ബാധ്യതയും അല്ലാഹുവിനുള്ള അവകാശവുമാണ്." നബി(സ) പറയുന്നു: "ജനങ്ങളേ, അല്ലാഹു നിങ്ങൾക്ക് ഹജ്ജ് നിർബന്ധമാക്കിയിരിക്കുന്നു. അതിനാൽ നിങ്ങൾ ഹജ്ജ് ചെയ്യുക." ഹജ്ജിന് ആഹ്വാനം ചെയ്യുന്ന ഖുർആൻ സൂക്തത്തിലും നബിവചനത്തിലും, കഴിവുള്ളവന് ഹജ്ജ് പിന്തിക്കാം എന്ന സൂചനയില്ല. മറിച്ച്, അല്ലാഹുവിന്റെയും റസൂലിന്റെയും കൽപന കഴിയുംവേഗം നടപ്പിലാക്കുകയാണ് വേണ്ടത്. ഹജ്ജിന്റെ കാര്യത്തിൽ ധൃതികാണിക്കാൻ നബി(സ) തന്നെ മറ്റൊരു സന്ദർഭത്തിൽ ആഹ്വാനം ചെയ്തിട്ടുണ്ട്. "നിങ്ങൾ ഹജ്ജ് നിർവഹിക്കാൻ വേഗത്തിൽ പുറപ്പെടുക. കാരണം ഭാവിയിൽ തനിക്ക് എന്ത് സംഭവിക്കും എന്ന് നിങ്ങളിലൊരാൾക്കും മുൻകൂട്ടി അറിയുക സാധ്യമല്ല." ■